No.CEE/71/3LLB/2020/TA2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2020-21 ലെ ത്രിവത്സര/ ഇന്റഗ്രേറ്റഡ്പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു

കേരളത്തിലെ നാല് സർക്കാർ ലോ കോളേജുകളിലേയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2020-21 അദ്ധ്യയന വർഷത്തെ ത്രിവത്സര/ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ എൽ.ബി. കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു.

തിരുവനന്തപുരം, എറണാകുളം, തൃശൂർ, കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ വച്ച് **2020** ഏപ്രിൽ **25–ാം** തീയതി ത്രിവത്സര എൽ എൽ.ബി. പ്രവേശന പരീക്ഷയും, **2020** ഏപ്രിൽ **26–ാം** തീയതി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ വച്ച് പഞ്ചവത്സര എൽ എൽ.ബി. പ്രവേശന പരീക്ഷയും നടത്തുന്നതാണ്.

ഇതിനായി **08.03.2020** മുതൽ **18.03.2020** വൈകുന്നേരം **5** മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷാ ഫീസ് ജനറൽ/എസ്.ഇ.ബി.സി വിഭാഗത്തിന് **685/-** രൂപയും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിന് **345/-** രൂപയും ആണ്. അപേക്ഷാ ഫീസ് ഓൺലൈൻ പേയ്മെന്റ് വഴിയോ ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ–ചെലാൻ ഉപയോഗിച്ച് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഏതെങ്കിലും ഹെഡ്/സബ് പോസ്റ്റ് ഓഫീസ് മുഖേനയോ അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്.

പ്രവേശന പരീക്ഷയുടെ വിശദാംശങ്ങൾ അടങ്ങുന്ന പ്രോസ്പെക്ടസും വിജ്ഞാപനവും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**

**തിരുവനന്തപുരം**
07.03.2020